"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പയ്യന്നൂർ നഗരസഭ – ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.983/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2020

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 01.10.2014 തീയതിയിലെ സി.ടി.പി. (വിജി) 820/14 നമ്പർകത്ത്.

2 പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശന് നൽകിയ 17.04.2015 തീയതിയിലെ തസ്വഭവ-ഇ.യു.1/192/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീ.കെ.പി.ദിനേശൻ സമർപ്പിച്ച 09.07.2015 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 11.05.2020 തീയതിയിലെ വി2-10877/15 നമ്പർ കത്ത്.

**ഉത്തരവ്**

പയ്യന്നൂർ നഗരസഭയിൽ പയ്യന്നൂർ വില്ലേജിൽ 25/1B1, 25/B2B-ൽപ്പെട്ട സ്ഥലത്ത് കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 24(8) ലംഘിച്ചിട്ടുള്ള കെട്ടിടത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയെന്ന ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ. പി. ദിനേശനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി.

2. ശ്രീ. മൊയ്തു, മുള്ളിക്കോട്ട് പുതിയപുരയിൽ എന്നവർക്ക് 02.08.2011-ന് നൽകിയ കെട്ടിട നിർമ്മാണ അനുമതിയുടെ അടിസ്ഥാനത്തിൽ ടിയാൻ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച് നൽകിയ അപേക്ഷയിൽ നഗരസഭയിലെ സാങ്കേതിക വിഭാഗം ജീവനക്കാരായ ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ പരിശോധന നടത്തി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് ബോദ്ധ്യപ്പെട്ടത് പ്രകാരമാണ് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതെന്ന് ശ്രീ.കെ.പി.ദിനേശൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിരുന്നു.

3. നഗരസഭാ സെക്രട്ടറിയ്ക്ക് ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ടെങ്കിൽ കൂടിയും സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവത്തിലും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ശുപാർശ

നൽകിയതിന്റെ അടിസ്ഥാനത്തിലുമാണ് ഒക്കുപ്പൻസി അനുവദിച്ചതെന്നതിനാലും താൽക്കാലികമായി നിയമിക്കപ്പെട്ട സെക്രട്ടറി എന്നത് പരിഗണിച്ചും, കെട്ടിട നിർമ്മാണത്തിനെതിരെ നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ചു വരുന്നത് പരിഗണിച്ചും, ശ്രീ. കെ. പി. ദിനേശന്റെ മറുപടി പരിഗണിച്ചും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകി അച്ചടക്ക നടപടി അവസാനിപ്പിക്കാമെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. കെട്ടിട ഉടമയ്ക്ക് കെ.എം.ബി.ആർ. 99, ചട്ട ലംഘനം പരിഹരിക്കുന്നതിനായി കെട്ടിട ഭാഗങ്ങൾ പൊളിച്ച് മാറ്റി കെട്ടിടത്തിന് പിൻവശം ആവശ്യമായ തുറസ്സായ സ്ഥലം ലഭ്യമാക്കിയതായും ഫയലിൽ കാണുന്നു എന്നതിനാൽ, കുറ്റ വിമുക്തനാക്കണമെന്നുള്ള സെക്രട്ടറിയുടെ വിശദീകരണം പരിഗണിച്ച് ടിയാനെ ഭാവിയിൽ ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കരുതെന്ന താക്കീത് നൽകി ടിയാനെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അഭിപ്രായപ്പെട്ടു.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടേയും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റേയും ശുപാർശകൾ പരിഗണിച്ചും ശ്രീ. കെ. പി. ദിനേശൻ 31.12.2018-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യവും കണക്കിലെടുത്ത് പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പി.ദിനേശനെതിരായ അച്ചടക്ക നടപടി, അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
ശ്രീ.കെ.പി.ദിനേശൻ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ